# AMLPS VALLUVANGAD NORTH

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

1.മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക (അടിസ്ഥാന സാക്ഷരത)ഗണിതശാസ്ത്രപരമായ കഴിവ് മെച്ചപെടുത്തുക.

2.സ്വതന്ത്ര വായന ,സ്വതന്ത്ര രചന (സർഗാത്മക തലം)എന്നിവയിൽ ഓരോ കുട്ടിയും അവനവന്റെ മികച്ച നിലവാരത്തിലെത്തി എന്ന് ഉറപ്പു വരുത്തുക.

3.ശാസ്ത്രീയമായ അന്വേഷണത്തിനും യുക്തിപരമായ ചിന്തക്കും പ്രോത്സാഹനം നൽകുക

4.സാമൂഹികമായ ഉത്തരവാദിത്തബോധവും സാംസ്കാരികമായ അവബോധവും മൂല്യങ്ങളും വളർത്തുക

5.ഓരോ കുട്ടിയുടെയും വ്യക്തിപരമായ കഴിവുകൾ തിരിച്ചറിഞ്ഞു പ്രോത്സാഹിപ്പിക്കുക

# പ്രധാന തന്ത്രങ്ങൾ

1.ഓരോ കുട്ടിയുടെയും പഠനരീതികളും വേഗതയും മനസ്സിലാക്കി അതിനനുസരിച്ചുള്ള പഠനരീതികൾ അവലംബിക്കുക .ഭാഷാപഠനത്തിനു പ്രാധാന്യം നൽകിക്കൊണ്ട് ഓരോ ക്ലാസ്സിലും ഉറക്കേണ്ട ഭാഷാവ്യവഹാരരൂപങ്ങൾക്ക് യോജിക്കുന്ന "വർക്ക് ഷീറ്റുകൾ"ടീച്ചർസും പേരെന്റ്സും ഉൾപ്പെടുന്ന ശില്പശാലകളിൽ തയ്യാറാക്കുക

2.പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുഞ്ഞുങ്ങൾക്ക് "കൈതാങ് "പദ്ധതി തുടരുക.പ്രത്യേക പഠന പ്രവത്തനങ്ങൾ കണ്ടെത്താൻ" SRG" യുടെ സഹായം തേടുക

3.പ്രാധാന്യമുള്ള ദിനാചരണങ്ങൾ പാഠ്യ നുബന്ധ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് അനുഭവവേദ്യമാക്കുക

4.പഠനത്തിൽ മുന്നിട്ടുനിൽക്കുന്നവർക്കായി മികച്ചപ്രവർത്തനങ്ങൾ കണ്ടെത്തുക .പ്രത്യേക പഠന പ്രവർത്തനങ്ങൾ കണ്ടെത്താൻ "SRG" യുടെ സഹായം തേടുക

Scanned with OKEN Scanner

5.ആനുകാലിക സംഭവങ്ങൾ കുട്ടികളിൽ എത്തിയ്ക്കാനാവശ്യമായ വേണ്ട പ്രവർത്തങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തണം (ഉദാ :- പത്രവായന,വാർത്താധിഷ്ഠിത ക്വിസ് മത്സരങ്ങൾ,"VANTS" റേഡിയോ ക്ലബ് പരിപാടികൾ )

6.അധ്യാപകർക്ക് ക്ലാസ്സനുഭവങ്ങൾ പങ്കുവെക്കാനും ഒരുമിച്ച പ്രവർത്തിക്കാനും പരസ്പരം ക്ലാസ് തല ,വിഷയാനുബന്ധ പ്രവർത്തനങ്ങളിൽ സഹകരിച്ച് മുന്നോട്ടു പോകാനും ഉള്ള ഒരു വേദി യായി സ്കൂൾ "SRG"നിലനിർത്തുക.ആഴ്ചയിൽ ഒരിക്കൽ എല്ലാവർക്കും സൗകര്യപ്രദമായ സമയം തീരുമാനിച്ച് കൃത്യമായി "SRG" ചേർന്ന് കാര്യങ്ങൾ അവലോകനം ചെയ്യുക .ആവശ്യമായ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

7."വാർഷീക ഗൃഹസന്ദർശനം"സ്വന്തം ക്ലാസ്സിലെ മുഴുവൻ കുട്ടികളുടെ വീട്ടിലും ഒരിക്കലെങ്കിലും പോകുന്ന തരത്തിൽ ക്രമീകരിക്കണം .

8.ക്ലാസ് ലൈബ്രറി സജീവമാക്കുക, ഒരുകുട്ടി ഒരാഴ്ചയിൽ ഒരു വായനാക്കുറിപ്പ് തയ്യാറാക്കണം.(ഓരോരുത്തരുടെയും ക്ലാസ് നിലവാരം പരിഗണിക്കുക)

9.കലാ- കായീക-ശാസ്ത്ര മേളകളിൽ കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനാവശ്യമായ അധ്യാപരുടെ ഭാഗത്തുനിന്നുള്ള പൂർണ പിന്തുണ നൽകുക .

10.പാഠ്യപുസ്തകങ്ങൾക്ക് പുറമെ പഠനവിഭവങ്ങളുടെ വൈവിധ്യം ഉറപ്പാക്കുക (ച്ത്രീകരണ സാമഗ്രികൾ ഓഡിയോ -വിഷ്വൽ സഹായികൾ )

11.പ്രാദേശീക മായ പഠനവിഭവങ്ങൾ ഉപയോഗിക്കാൻ പരമാവധി ശ്രദ്ധിക്കുക .

12.വിവിധ ക്ലബ് പ്രവർത്തനങ്ങൾ മികച്ചരീതിയിൽ അതാത് ക്ലബ് കൺവീനർമാർ സംഘടിപ്പിക്കുക

(തനതായ പ്രവവർത്തനങ്ങൾ സംഘടിപ്പിക്കുന്ന ടീം നു പ്രോത്സാഹന സമ്മാനം നൽകണം.

Scanned with OKEN Scanner

മൂല്യനിർണയം

1. തുടർച്ചയായതും സമഗ്രവുമായ മൂല്യ നിർണയ രീതിയാണ് പിന്തുടരേണ്ടത്. കുട്ടികളുടെ പഠന പുരോഗതി നിരീക്ഷിക്കുന്നതിനും രേഖപ്പെടുത്തുന്നതിനും വിവിധ തന്ത്രങ്ങൾ ഉപയോഗിക്കണം (ഉദാ:-നിരീക്ഷണങ്ങൾ, പോർട്ട്ഫോളിയോകൾ, പ്രോജക്ടുകൾ, അവതരണങ്ങൾ, പ്രകടനങ്ങൾ)
2. പ്രധാനമായും മൂന്നു തരത്തിലുള്ള മൂല്യ നിർണയമാണ് നടത്തേണ്ടത്

1.a)ക്ലാസ് അധ്യാപകന്റെ പ്രവർത്തന ഇടപെടലുകളിൽ നടക്കുന്ന നിരന്തര മൂല്യനിർണയം

b)ഓരോ മാസാവസാനവും പൂർത്തീകരിച്ച പഠനശേഷി വിനിമയത്തിന്റെ വിലയിരുത്തൽ

c)ഓരോ യൂണിറ്റ് പൂർത്തിയാകുമ്പോഴും ആ പാഠഭാഗത്ത് നിന്നും നേടേണ്ട പഠന ലക്ഷ്യങ്ങൾ നേടിയോ എന്ന വിലയിരുത്തൽ

d)ടേം മൂല്യനിർണയങ്ങൾ

2) പ്രധാനാധ്യാപകൻ/പ്രധാനാദ്ധ്യാപിക യുടെ വിലയിരുത്തൽ. മാസത്തിൽ ഒരു അധ്യാപകന്റെ ഒരു ക്ലാസ് എങ്കിലും മോണിറ്റർ ചെയ്യണം.

മോണിറ്ററിംഗ് സൂചകങ്ങൾ എന്തെല്ലാം ആണെന്ന് അധ്യാപകനും അറിവുണ്ടായിരിക്കണം

ഓരോ അധ്യാപകന്റെ കുറിച്ചും ഗുണാത്മകമായ പ്രതികരണങ്ങൾ എസ് ആർ ജിയിൽ ഉണ്ടാകണം

എല്ലാ അധ്യാപകരുടെയും T.M പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വേണം

3) ഹയർ തലത്തിലുള്ള മോണിറ്ററിംഗ് ആണ് മറ്റൊന്ന് (ഉദാ:- AEO,DEO)

Scanned with OKEN Scanner

"സ്കൂൾ മോണിറ്ററിംഗ് ഗ്രൂപ്പ്"

സ്കൂൾതലം, ക്ലാസ്തലം ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങൾ പദ്ധതികൾ എന്നിവ തുടക്കം മുതൽ മോണിറ്റർ ചെയ്യുന്നതിന് HM,SRG കൺവീനർ, സ്റ്റാഫ് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുക കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ പദ്ധതികൾ എന്നിവയുടെ തുടർച്ച വിലയിരുത്തണം

എല്ലാമാസവും CPTA ചേരണം ഒന്നിലവിട്ട മാസങ്ങളിൽ ഓൺലൈനായി വേണമെങ്കിൽ ചേരാം.

കഴിഞ്ഞ വർഷത്തെ തനത് പ്രവർത്തനം "EASY WORLD OF ENGLISH" കൂടുതൽ മെച്ചപ്പെടുത്തി ഈ വർഷവും തുടരാൻ തീരുമാനിച്ചു

Scanned with OKEN Scanner